Government of India and this Government have not come to a decision whether the P. T. I. should be given a subsidy any longer.

ശ്രീ. ഈപ്പൻ അറയ്ക്കൽ : കോടതികളിൽനിന്നും ഇന്നയിന്ന പ്രസ്സുകാക്കുമാത്രമെ പരസ്യങ്ങൾ കൊടുക്കാവൂ എന്നു വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ : കൊച്ചിയിലെ പത്രങ്ങൾക്കു ധനസഹായം ചെയ്തുകൊണ്ടിരിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ധനസഹായം ചെയ്തിട്ടുള്ളതു വാസ്തവംതന്നെ. എന്നാൽ സംയോജനത്തിനുശേഷം ആ ഏർപ്പാട് നിർത്തിവച്ചിരിക്കയാണു്.

പോലീസ് പിടിച്ചെടുത്ത കാറും അരിയും

*൯൫൪. (൩൦) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) എട്ടു ചാക്കരി കയറ്റിപോവുകയായിരുന്ന ഒരു കാർ പോലീസുകാരൻ മുഖാന്തരം പുഴയ്ക്കടുത്തുവെച്ചു പിടിച്ചു കാറും അരിയും കസ്റ്റഡിയിലാക്കിയിരിക്കുന്നു എന്നുള്ള ൧൯൫൪ കുംഭം ൧൦-ാം തീയതിലെ മലയാളമനോരമയിൽ കണ്ട റിപ്പോർട്ട് ശരിയാണോ ;

(ബി) ശരിയാണെങ്കിൽ കാറും അരിയും തടഞ്ഞുവച്ചിരിക്കുന്നതു് എന്തിനാണു് ?

ശ്രീ. ടി. കെ. നാരായണപിള്ള :

(എ) അതെ.

(ബി) ഇപ്പോൾ തടഞ്ഞുവച്ചിട്ടില്ല. മുമ്പു തടഞ്ഞുവച്ചിരുന്നതു് കോടതിയിൽ ഹാജരാക്കാൻ വേണ്ടിയായിരുന്നു.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : പരസ്യമായി ചെയ്തുകൊണ്ടിരിക്കുന്ന കച്ചവടത്തെ പോലീസുകാർ എന്തിനാണു് തടഞ്ഞതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : ഈ നാട്ടിൽ അരിയും നെല്ലും പരസ്യമായിട്ടു കച്ചവടം ചെയ്യുന്നതിനു് വിരോധമില്ലെങ്കിൽ എന്തിനാണു് ഈ കാറിനെ തടഞ്ഞതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : നിയമപ്രകാരമുള്ള കച്ചവടമാണോ നടത്തുന്നതു് എന്നു് പരിശോധിക്കുന്നതിനുവേണ്ടിയാണു്.

ശ്രീ. എ. കെ. ജോർജ്ജ് : കാറിൽ കുറച്ചു് അരിയൊ നെല്ലൊ കൊണ്ടുപോയാൽ പോലീസുകാർക്കു തടഞ്ഞുനിർത്താനുള്ള അധികാരമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : പോലീസുകാർക്കു് അതു തടഞ്ഞുനിർത്തി പരിശോധിക്കാനുള്ള അധികാരമുണ്ടു്.

പത്രത്തിന്റെ മുഖപ്രസംഗത്തിലെ ആരോപണം

*൯൫൫. (൫൫) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ദയവായി മറുപടി പറയുമോ.—

(എ) തൃശ്ശൂർനിന്നു പ്രസിദ്ധംചെയ്യുന്ന എക്സ്പ്രസ്സ് പത്രത്തിന്റെ ൧൯൫൪ കുംഭം ൨൭-ാം തീയതി ലക്കത്തിൽ "ചരടുവലി സമ്മതിക്കരുതു്" എന്ന തലക്കെട്ടിൽ പ്രസിദ്ധം ചെയ്തിരിക്കുന്ന മുഖപ്രസംഗം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗ്രഡേഷൻ ലിസ്റ്റിന്റെ കാര്യത്തിൽ പുനഃസംഘടനാകമ്മിറ്റി അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസം ഉണ്ടെന്നും, തൻമൂലം നിടുമ്പൊയിൽ പ്രവർത്തനം പുരോഗമിക്കുന്നില്ലെന്നും ഉള്ള ആരോപണം ശരിയാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ടു്.

(ബി) അപ്രകാരം ഒരു ആരോപണം ഉണ്ടായതായി അറിവില്ല.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : ഈ ആരോപണം ആ പത്രത്തിന്റെ ഏതു ഭാഗത്താണു് വന്നിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മന്ത്രി വായിച്ചുനോക്കിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ആ പത്രത്തിന്റെ മുഖപ്രസംഗത്തിലാണു് ഉള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly